LIBRARY ARCHIVES Kerala Legislative Assembly

കോട്ടപ്പുറം പാലത്തിന്റെ പൂർത്തീകരണം

324 (1368) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ കോട്ടപ്പുറം പാലത്തിന്റെ പണി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പി.ഡബ്ല്യു.ഡി. സെക്രട്ടറി വിളിച്ചു ചേർത്ത ഉന്നതതലയോഗത്തിൽ 10 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടും പകുതിയോളം പണി അവശേഷിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ 23-2-2015-ന് വിളിച്ചുചേർത്ത യോഗത്തിൽ ബിൽ കുടിശ്ശിക ലഭിക്കാനുള്ളതിനാൽ 30-9-2015-നുള്ളിൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നാണ് കരാറുകാരൻ അറിയിച്ചിരിക്കുന്നത്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണപം റോഡിന്റെ നിർമ്മാണം

325 (1369) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണപം റോഡിന്റെ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളെ തുടർന്ന് റോഡ് നിർമ്മാണപ്രവൃത്തി അനിശ്ചിതമായി നീണ്ടുപോകുന്നതുകൊണ്ട് പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണപം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കോടതി നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് കോടതി വിധി വന്നിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുമോ ;

(ഡി) കോടതി വ്യവഹാരങ്ങൾ അവസാനിച്ചുവെങ്കിൽ റോഡ് നിർമ്മാണ പ്രവർത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?